(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ പ്രസ്തുത കോഴ്സ് ആരംഭിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ഇക്കാര്യം കേരള, കാലിക്കറ്റ്, സർവ്വകലാശാലകളുടെ അംഗീകാരത്തിനു ആവശ്യപ്പെട്ടിരിക്കയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്കു ആരംഭിക്കുന്നതാണ്.

ഫാർമസിസ്റ്റുകളുടെ സ്റ്റാഫ് പാറ്റേൺ

* 514 [537] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ളത് എപ്രകാരമാണ്;

(ബി) സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് അതു നടപ്പിലാക്കും?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) 2.8.1961-ലെ ജി. ഒ.ആർ.ടി. 3150/61/ഹെൽത്ത് നമ്പർ ഗവൺമെന്റ് ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലവിലുള്ളത്. ഇതിൽപ്രകാരം 75 കിടക്കകംവരെ ഉള്ള ആശുപത്രികൾക്ക് ഒന്നും, അതിനുമേൽ വരുന്ന ഓരോ 75 കിടക്കകൾക്കും കൂടുതലായി ഒന്നു വീതവും 300-ൽ കൂടുതൽ വരുന്ന ഓരോ 200 ഔട്ട്പേഷ്യൻസിനും ഒന്നു വീതവും കൂടി തസ്തികകളാണ് ഫാർമസിസ്റ്റുകൾക്കു നിശ്ചയിച്ചിട്ടുള്ളത്.

(ബി, സി) ഇപ്പോഴും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ തന്നെ ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനതമൂലം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ആയത് ഉടനെ നടപ്പാക്കുവാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ വീണ്ടും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്നുള്ള ആവശ്യം തൽക്കാലം പരിഗണിക്കുവാൻ കഴിയുന്നതല്ല.

കൃഷി ഡിപ്പാർട്ടുമെന്റിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ

* 515 [538] ശ്രീ. സ്റ്റീഫൻ പാട്ടുവ:

ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഡിപ്പാർട്ടുമെന്റിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർമാരായി നിയമിക്കുന്നതിന് കൃഷി ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദം ആവശ്യമാണെന്നു വ്യവസ്ഥയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly